പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 325 — 14/03/2017-ൽ മറുപടിയ്ക്ക്

## ഫാർമസിസ്റ്റുകളുടെ സേവനം ഉറപ്പാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.പി.സജീന്ദ്രൻ | | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് മരുന്നു വിപണനം രജിസ്റ്റേർഡ് ഫാർമസിസ്ററുകൾ വഴി മാത്രമേ ചെയ്യുവാൻ പാടുള്ളു എന്ന നിയമവും കോടതിവിധിയും ലംഘിച്ചു കൊണ്ട് സർക്കാർ മേഖലയിൽപോലും ഫാർമസിസ്റ്റുകളല്ലാത്തവർ മരുന്ന് വില്പന നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ഫാർമസിസ്റ്റുകളുടെ തസ്തികയും ഇവരുടെ പ്രവൃത്തി സമയവും ഉറപ്പുവരുത്തിയിട്ടുണ്ട്.<br>സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ മരുന്ന് വ്യാപാര സ്ഥാപനങ്ങളിലും, സ്വകാര്യ ആശുപത്രികളിലും, സർക്കാർ ആശുപത്രികളിലും രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ സേവനം ഉറപ്പ് വരുത്തിയിട്ടുണ്ട്. |
| (ബി) | ആശുപത്രികളിൽ ഫാർമസിസ്റ്റുകളുടെ സേവനം ഉറപ്പാക്കണമെന്ന് സംസ്ഥാന ഫാർമസി കൗൺസിൽ സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ടോ; | (ബി) | ഉണ്ട്. സർക്കുലർ നം. 251991/എഫ്1/2015/ആ.കു.വ, തിരുവനന്തപുരം തീയതി 20/10/2015 പ്രകാരം ആശുപത്രികളിൽ ഫാർമസിസ്റ്റുകളുടെ സേവനം ഉറപ്പാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (സി) | ആരോഗ്യ വകുപ്പിൽ ഫാർമസിസ്റ്റുകളുടെ നിയമനം നടത്തുന്നത് 1961 ലെ സ്റ്റാഫ് പാറ്റേൺ പ്രകാരമാണോ; | (സി) | അതെ. |
| (ഡി) | പ്രസ്തുത സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിക്കുന്നതിനും ആവശ്യമായ ഫാർമസിസ്റ്റുകളുടെ തസ്തിക ആശുപത്രികളിൽ സൃഷ്ടിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | ആർദ്രം പദ്ധതി പ്രകാരം ഫാർമസിസ്റ്റുകളുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള ലഭ്യമായ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ആഫീസർ